കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കരുവാരകുണ്ട് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.എം.പി.എം.7/3264/16

കേരള സംസ്ഥാന
ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തിയ്യതി 07.02.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് / സെക്രട്ടറി മുഖേന

കരുവാരകുണ്ട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കരുവാരകുണ്ട് ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരുവാരകുണ്ട് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തികവർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3)കാര്യാലയ പകർപ്പ്.

നം.

കെ.എസ്.എ.എം.പി.എം7/3264/2016 തിയ്യതി:07.02.2017

മലപ്പുറം ജില്ലയിലെ കരുവാരകുണ്ട് ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കരുവാരകുണ്ട് ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-15 മുതൽ 19-11-16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-----------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.എ.എസ് ഷാജഹാൻ

ഡെപ്യൂട്ടി ഡയറക്ടർ

-----------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 19-11-16 മുതൽ 30-11-16 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.ടി. പി.അബ്ദുൾ ജലീൽ | ഓഡിറ്റ് ഓഫീസർ |
| ശ്രീ. ടി. മുഹമ്മദ്സലീം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ടി.രാമകൃഷ്ണൻ | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി പി.ആയിഷ | 01-04.2015 മുതൽ 31-10-15 വരെ |
| അഡ്മിനിസ്റ്റ്രേറ്റീവ് കമ്മറ്റി | 01-11.2015 മുതൽ 18-11-2015 വരെ |
| ശ്രീ.മുഹമ്മദ്മാസ്റ്റർ | 19-11.2015 മുതൽ 31-03-2016 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ എസ് നിസാർ | 01-04-15 മുതൽ 31-03-16 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.അനി കെ എ | 01-04-2015 മുതൽ 31-05-2015 വരെ |
| | ശ്രീമതി.കെ വി ശ്രീജ | 01-06-2015 മുതൽ 03-09-2015 വരെ |
| | ശ്രീ .അജി എസ് ആനന്ദ് | 04-09-2015 മുതൽ 27-12-2015വരെ |
| | ശ്രീമതി.കെ വി ശ്രീജ | 28-12-2015 മുതൽ 18-03-2016 വരെ |
| | ശ്രീ.ബാലചന്ദ്രൻനായർ .ആർ | 19-03-2016 മുതൽ 31-03-2016വരെ |
| വെറ്ററിനറി സർജൻ | സജീവ് കുമാർ | 01.04.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി വിനോദിനി .വി | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.നിർമല ജോൺ | 01.04.2015 മുതൽ 30.04.2015 വരെ |
| | ഡോ.ജോഷ്ന | 01.05.2015 മുതൽ 05.07.2015 വരെ |
| | ഡോ.ജാസ്മി എം മുഹമ്മദ് | 06.07.2015 മുതൽ 31.03.2016 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | അബ്ദുൾ നാസർ | 01.04.2015 മുതൽ 31.03.2016 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ കെ.കെ ജയിംസ് | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.ആബിദ അബ്ദുൾ കരീം | 01.04.2015മുതൽ 31-03-2016വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ. ഷമി | 01-04-2015 മുതൽ 19-07-2015 വരെ |
| | ഡോ.സാബിറ | 20-07-2015 മുതൽ 31-03-2016 വരെ |
| അസി.എഞ്ചിനീയർ | ശ്രീമതി.ലജീന (അസി.എ- ഇൻ ചാർജ്) | 01-04-2015 മുതൽ 04-07-2015 വരെ |
| | ശ്രീമതി.നാരായണി വി. പി | 05-07-2015 മുതൽ 12-08-15 വരെ |
| | ശ്രീമതി. മഞ്ജു | 13-08-2015 |
| | ശ്രീമതി.നാരായണി വി. പി | 14-08-2015 മുതൽ 31-03-16 വരെ |
| അസി. സെക്രട്ടറി | ശ്രീമതി. കെ റഹിയാൻബി | 01-04 2015 മുതൽ 23-07-2015 വരെ |
| | ശ്രീമതി.മിനി ആർ നായർ | 24-08 2015 മുതൽ 31-03-2016 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | മിനുട്സ് - അപാകതകൾ | 1-12 | |
| ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 13 | ബസ് സ്റ്റാന്റ് രശീതി - കുടിശ്ശിക പിരിച്ചെടുത്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. | 2-1 | |
| 14 | ഡി & ഒ ലൈസൻസ് - അപാകതകൾ | 2-2 | |
| 15 | മൊബൈൽ ടവർ നിർമ്മാണ പെർമിറ്റ് -ദണ്ഡുപണിപ്പാടുകൾക്ക് ഫീസ് ഈടാക്കാത്തത് സംബന്ധിച്ച് | 2-3 | |
| 16 | ചട്ടവിരുദ്ധമായി കെട്ടിടത്തിന് നിർമ്മാണാനുമതി നൽകി | 2-4 | |
| 17 | വസ്തുനികുതി - രേഖകൾ ലഭ്യമാക്കിയില്ല | 2-5 | |
| 18 | തൊഴിൽ നികുതി - അപാകതകൾ | 2-6 | |
| 19 | ഷട്ടർ സ്ഥാപിക്കുന്നതിന് പെർമിറ്റ് ഫീസ് ഈടാക്കിയില്ല. | 2-7 | |
| ഭാഗം III ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 19 | വിനിയോഗ സർട്ടിഫിക്കറ്റ്/കൈപ്പറ്റ് രശീതി പരിശോധനക്ക് ലഭ്യമാക്കിയില്ല.ചെലവ് തുക 4080000 രൂപ തടസ്സം ചെയ്യുന്നു. | 3-1 | |
| 20 | റിട്ടേണിങ്ങ് ഓഫീസറുടെ അനുമതിയില്ലാതെ ഇലക്ഷൻ ഡെപ്പോസിറ്റ് തിരികെ നൽകി: വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 3-2 | |
| 21 | TS ലഭിച്ചതിന് വിരുദ്ധമായി പ്രവൃത്തി നടപ്പിലാക്കി; വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 3-3 | |
| 22 | പണിസ്ഥലത്തുനിന്ന് പൊളിച്ചുമാറ്റിയ സാധനങ്ങൾ പുനരുപയോഗിച്ചില്ല/ ലേലം ചെയ്തില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 3-4 | |

| | | | |
|---|---|---|---|
| 23 | ഗ്രാമ പഞ്ചായത്ത് തീരുമാനങ്ങൾ - തുടർനടപടി വിവരം ലഭ്യമല്ല. | 3-5 | |
| 24 | ആശ്രയ പദ്ധതിയുടെ നടത്തിപ്പ് വിജയപ്രദമല്ല. | 3-6 | |
| 25 | മരുന്ന ലഭ്യമായില്ല. | 3-7 | |
| 26 | പണിസ്ഥലത്തു നിന്ന് കുഴിച്ചെടുത്ത മണ്ണ് അതേ പണിക്ക് ഉപയോഗിച്ചില്ല; നഷ്ടം 3994 രൂപ. | 3-8 | |
| 27 | ഗുണഭോക്തൃസമിതി മുഖേനെ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ | 3-9 | |
| 28 | മര ഉരുപ്പടികളുടെ വിനിയോഗ വിവരം ലഭ്യമല്ല | 3-10 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 30 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 32 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 33 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 34 | ഓഡിറ്റ് റിക്കവറി | 4-6 | |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ഭാഗം-1

1-1. ബജറ്റ്

2015-16ലെ ബജറ്റ് 24-03-2015ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31-07-2016 | 22-07-2016 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 22-11-2015 മുതൽ 23-11-2015 വരെ | ഈ റിപ്പോർട്ടിനോടപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ

1)2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങളിലെ ചട്ടം 57,58,എന്നിവ പ്രകാരമുള്ള നടപടികൾ പൂർണ്ണമല്ല.

2)2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങളിലെ ചട്ടം 60പ്രകാരം ഓരോ മാസവും 10 -ാം തീയ്യതിക്കകം കഴിഞ്ഞ മാസത്തെ രശീത് ആന്റ് പേമെന്റ് പത്രിക തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് മുൻപാകെ സമർപ്പിക്കുന്നതിൽ സമയക്ലിപ്തത പാലിക്കുന്നില്ല.

3)ധനകാര്യവർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

4)അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്ന സാമ്പത്തിക വർഷത്തിന് മുമ്പുള്ള ആസ്തി ബാദ്ധ്യത തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

5)പഞ്ചായത്ത് തയ്യാറാക്കിയ ബഡ്ജറ്റ് ഫംഗ്ഷൻ - ഫംഗ്ഷറി അടിസ്ഥാനത്തിൽ സാംഖ്യാ വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിലല്ല.

6)വസ്തുനികുതി ഡിമാന്റ് ,കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

7)തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (വ്യാപാരികളുടെയും ജീവനക്കാരുടെയും),ഡി &ഒ ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള തുകയും വാർഷികകണക്ക പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തമില്ല.

8)വൗച്ചറുകൾ ഫണ്ട് അടിസ്ഥാനത്തിൽ സൂക്ഷിച്ചിട്ടില്ല.
9) വൗച്ചർ ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

(അക്കൗണ്ട് ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

1-4 സാമ്പത്തിക വിശകലനം

| | 2015-16 |
|---|---|
| മുന്നിരിപ്പ് | 3,96,79,090 |
| വരവ് | 7,65,46,179 |
| ആകെ | 11,62,25,268 |
| ചെലവ് | 8,91,48,824 |
| നീക്കിയിരുപ്പ് | 2,70,76,444 |

1-5 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)

2015-16

| ഫണ്ടിനം | മുൻ ബാക്കി | ട്രാൻസ്ഫർ ഓഫ് ക്രഡിറ്റ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്(സർക്കാർ പിൻവലിച്ചത് ) | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3364427 | 7895294 | 15530792 | 26790913 | 20953326 | 5837187 | 78 |
| വികസനഫണ്ട് എസ്.സി.പി. | 753814 | nil | 4817000 | 5570814 | 4125396 | 1445418 | 74 |
| വികസനഫണ്ട് ടി.എസ്.പി. | 568030 | (-)563030 | 964030 | 969030 | 616411 | 352619 | 63 |
| സംരക്ഷണഗ്രാന്റ് റോഡ് | 1127491 | nil | 9435000 | 10562491 | 10285810 | 276681 | 97 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 920392 | nil | 4928000 | 5848392 | 4908604 | 939788 | 84 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2168255 | (-)2920192 | 9813996 | 8562059 | 7639114 | 922945 | 89 |

| | | | | | | | |
|---|---|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | 5216998 | (-)4412072 | 4412072 | 5216998 | 2988552 | 2228446 | 42 |
| എം. ജി. എൻ. ആർ. ഇ. ജി. എസ്. | 144548 | 0 | 13655321 | 13799869 | 13652179 | 3142 | 99 |
| ബി ഫണ്ട് | 0 | 0 | 40819111 | 40819111 | 40819111 | 0 | 100 |

1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 272 | 74975830 | 234 | 55926293 | 7 | 31 | 86 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

1-7 തനത് വരുമാനം(സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയത് പ്രകാരം)

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം 47%കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | 2014-15 | 2015-16 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6998634 | 4370817 | 2627817 | (-)38 |
| നികുതിയേതര വരവുകൾ | 40048182 | 1505949 | 38542233 | (-)96 |
| മറ്റുവരവുകൾ | 97425442 | 70669413 | 26756029 | (-)27 |
| ആകെ | 144472258 | 76546179 | 67926079 | (-)47 |

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2015-16 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്ക ളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 331080 | 228 |
| കർഷകതൊഴിലാളി പെൻഷൻ | 3630720 | 511 |
| വിധവാപെൻഷൻ | 14718560 | 1590 |
| വാർദ്ധക്യകാലപെൻഷൻ | 16743870 | 2357 |
| വികലാംഗപെൻഷൻ | 4173225 | 415 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 535760 | 58 |
| വിവാഹ ധനസഹായം | 680000 | 23 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-11-2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4894 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

1-10 ആഭ്യന്തരനിയന്ത്രണം.

പ്രത്യേക പരാമർശം ഇല്ല

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.11.2016 | 10/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08-11-04 മുതൽ 23-11-04വരെ | 1997-98മുതൽ 2003-04വരെ | 05-01-2005 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബസ് സ്റ്റാന്റ് രശീതി - കുടിശ്ശിക പിരിച്ചെടുത്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

2014-15 വർഷത്തിൽ ബസ് സ്റ്റാന്റ് പിരിവ് ലേലം കൊണ്ട ശ്രീ.ഉണ്ണീൻ ,പാറമ്മൽ കുട്ടത്തി പി ഒ എന്നയാൾ ലേലസംഖ്യയായ 1,10,000 രൂപയിൽ നാളിതുവരെയും 1,02,200 രൂപ മാത്രമാണ് അടവാക്കിയതായി കാണുന്നത് . 09.09.2015 ലെ ll/5-ാംനം. ഭരണസമിതി തീരുമാനപ്രകാരം തുക അടവാക്കാൻ ടിയാന് 29.02.2016 വരെ സമയം അനുവദിച്ചുവെങ്കിലും ശേഷിച്ച 9036 രൂപ പലിശ സഹിതം ടിയാൻ നിന്നും ഈടാക്കിയിട്ടില്ല. അടിയന്തിരമായി പലിശസഹിതം തുക ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-2 ഡി & ഒ ലൈസൻസ് - അപാകതകൾ

കരുവാരകുണ്ട് ഗ്രാമപഞ്ചായത്തിൽ 2015-16 വർഷത്തെ ഡി & ഒ ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) സ്ഥാപനങ്ങളുടെ പട്ടിക എഴുതി സൂക്ഷിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ ഡി & ഒ ലൈസൻസ് ബാധകമായ സ്ഥാപനങ്ങളുടെ പട്ടിക സൂക്ഷിക്കുന്നില്ല.

ഡി & ഒ ലൈസൻസ് ബാധകമായ സ്ഥാപനങ്ങളുടെ പട്ടിക കുറ്റമറ്റതാക്കേണ്ടതും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ചട്ടപ്രകാരം നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2) കോഴിഫാമുകൾക്ക് ഡി&ഒ ലൈസൻസും തൊഴിൽ നികുതിയും ബാധകമാക്കുന്നില്ല.

2012 ലെ കേരളാ പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ)ചട്ടങ്ങൾ ,ചട്ടം 3(1)പ്രകാരം ,100 എണ്ണത്തിൽ കൂടുതൽ കോഴികളുള്ള കോഴിഫാമിന് ,1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 232-ാം വകുപ്പ് പ്രകാരം ഡി& ഒ ലൈസൻസ് ആവശ്യമുണ്ട് .

2012 ലെ കേരളാ പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ)ചട്ടങ്ങൾ ,ചട്ടം 10(1)പ്രകാരം സെക്രട്ടറിയോ ,സെക്രട്ടറി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സ്ഥലത്ത് പരിശോധന നടത്തി കോഴികളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതാണ്. ഇപ്രകാരമുള്ള 100 എണ്ണത്തിൽ കൂടുതലുള്ള കോഴികൾക്ക് ചട്ടം 4(1) പ്രകാരമുള്ള ക്ലാസ് തരം തിരിവിന്റെ അടിസ്ഥാനത്തിൽ ചട്ടം 7(2) ൽ നിശ്ചയിച്ച പ്രകാരം ഡി& ഒ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

നിലവിൽ 2015-16 വർഷത്തിൽ മാത്രം കരുവാരകുണ്ട് ഗ്രാമപഞ്ചായത്തിൽ നമ്പറിംഗ് നടത്തിയ ഏതാനും കോഴിഫാമുകൾകളുടെ വിവരം ചുവടെ ചേർക്കുന്നു. ഡി& ഒ ലൈസൻസ്/ തൊഴിൽ നികുതി ഈടാക്കിയതിന്റെ

വിവരം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | ഉടമസ്ഥന്റെ പേരും വിലാസവും | കെട്ടിടനം. / വിസ്തീർണ്ണം |
|---|---|---|
| 1 | മുഹമ്മദ് കിഴക്കുംപറമ്പൻ ,കുട്ടത്തി (പി ഒ) | II/521A,167.97m2 |
| 2 | യൂസഫ് ,തോരക്കാടൻ<br>കേരളാ എസ്റ്റേറ്റ് | V/178A,108.83m2 |
| 3 | ജമീല ആലയാൻ ,പട്ടാണി(വീട്)<br>കേരളാ എസ്റ്റേറ്റ് | V/51A,311.88m2 |
| 4 | അബ്ദുൾറഷീദ് മുതൽ പേർ ,മാഞ്ചേരി ,കേരളാ എസ്റ്റേറ്റ് | V/213A,185.24m2 |
| 5 | റുഖിയ മുതൽ പേർ,വട്ടപറമ്പിൽ ,പുൽവെട്ട (പി ഒ) | X111/292A,173.60m2 |
| 6 | ഷംസുദീൻ ,മാങ്ങാടംപറമ്പത്ത്<br>കേരളാ എസ്റ്റേറ്റ് | VI/180A, 227.55m2 |
| 7 | ജെയനി അറക്കക്കുന്നേൽ , നീലാഞ്ചരി | II/26A,152.44m2 |
| 8 | യൂസഫ് അച്ചുതൊടിക , കിഴക്കേത്തല ,തരിശ് പി ഒ | X/1062A,214.56m2 |
| 9 | സുബൈദ ഒറവംപുറത്ത് ,പാന്ത്ര, കേരളാ എസ്റ്റേറ്റ് | VI/343A, 378.88m2 |
| 10 | ആയിശ ,ഓട്ടുപാറ,കുട്ടത്തി | II/48A, 190.72m2 |
| 11 | ഷാനവാസ് ,വട്ടപ്പറമ്പിൽ ,പുൽവെട്ട (പി ഒ) | XIII/299A, 293.57m2 |
| 12 | അബ്ദുറഹിമാൻ ,വട്ടപ്പറമ്പിൽ ,പുൽവെട്ട (പി ഒ) | X/1146B,19782m2 |
| 13 | ചന്ദ്രമതി പറപ്പത്തൊടി ,കുട്ടത്തി | II/143A, 182.74m2 |
| 14 | രാജഗോപാലൻ പറേക്കാട് ,ഇരിങ്ങാട്ടിരി | XIV/224A, 203.23m2 |

3)താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2015-16 വർഷത്തിൽ ഡി & ഒ ലൈസൻസ് ഈടാക്കിയിട്ടില്ല.

i)വിനോദ് തീയ്യേറ്റർ ,കരുവാരകുണ്ട്

ii)മാവേലി സ്റ്റോർ

ലൈസൻസ് ഈടാക്കാത്ത സ്ഥാപനങ്ങൾക്കെതിരെ ചട്ടപ്രകാരം നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 മൊബൈൽ ടവർ നിർമ്മാണ പെർമിറ്റ് -ദണ്ഡുപണിപ്പാട്ടുകൾക്ക് ഫീസ് ഈടാക്കാത്തത് സംബന്ധിച്ച്

2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടം 130 (4) പ്രകാരം മൊബൈൽ ടവറുകൾ നിർമ്മിക്കുന്നതിനുള്ള അപേക്ഷാഫീസ് 1000 രൂപയും , 130(4) (a) പ്രകാരം പെർമിറ്റ് ഫീസ് 10,000 രൂപയും ,130(4) (b)പ്രകാരം ദണ്ഡുപണിപ്പാട്ടുകൾക്ക് 2500 രൂപയും ഫീസ് ഈടാക്കിയാണ് നിർമ്മാണാനുമതി നൽകേണ്ടത് .എന്നാൽ ഇൻഡസ് ടവർ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് മൊബൈൽ ടവർ നിർമ്മാണ പെർമിറ്റ് അനുവദിച്ചപ്പോൾ ദണ്ഡുപണിപ്പാട്ടുകൾക്ക് ചട്ടം ഫീസ്130(4) (b) പ്രകാരമുള്ള ഫീസ് ഈടാക്കിയില്ല. കാരണം വ്യക്തമാക്കേണ്ടതാണ്.

ഇൻഡസ് ടവർ ലിമിറ്റഡ്

8-ാം നില ,വെങ്കാരത്ത് ബിൽഡിംഗ്

എൻ എച്ച് ബൈപ്പാസ് ജംഗ്ഷൻ

പാലാരിവട്ടം , കൊച്ചി

പെർമിറ്റ് നം. 52/15-16/18.08.2015

കെട്ടിടനമ്പർ - I/247A

അപേക്ഷ ഫീസ് & പെർമിറ്റ് ഫീസ് ഈടാക്കിയത് - 11,000 രൂപ

രശീതി നം. / തീയ്യതി - 11501101590/18.08.2015

ദണ്ഡുപണിപ്പാട്ടുകൾക്ക് ഈടാക്കേണ്ടിയിരുന്ന ഫീസ് 2500 രൂപ മേൽ സ്ഥാപനത്തിൽ നിന്നോ വീഴ്ചക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 ചട്ടവിരുദ്ധമായി കെട്ടിടത്തിന് നിർമ്മാണാനുമതി നൽകി

1) 2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം, കാറ്റഗറി II ൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിൽ നിർമ്മിക്കുന്ന വാണിജ്യ/കച്ചവട വിനിയോഗ കെട്ടിടങ്ങൾക്ക് അനുവദനീയമായ കവറേജ് പരമാവധി 55 ആണ്. അപ്രകാരമുള്ള കെട്ടിടങ്ങളുടെ തറവിസ്തീർണ്ണാനുപാതം(എഫ് എ ആർ) 1.75 ആണ്(ചട്ടം 35,ടേബിൾ 2, ക്രമനമ്പർ 7).എന്നാൽ ആയത് പാലിക്കാത്തതാഴെ പറയുന്ന കെട്ടിടത്തിന് നിർമ്മാണാനുമതി നൽകിയതായി കണ്ടെത്തി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിടമുടമയുടെ പേര് - ഉണ്ണീൻ,പെട്ടിയിൽ ,കരുവാരകുണ്ട് (പി ഒ)

പെർമിറ്റ് നം. 122/15-16/22.12.2015

പെർമിറ്റ് കാലാവധി - 21.12.2018വരെ

പ്ലോട്ട് ഏരിയ – 960 ച.മീ

പ്ലിന്ത് ഏരിയ – 1667.95 m2(GF-543.58m2,FF-531.46m2,SF-504.72m2,Stair room- 88.19m2 )

കവറേജ് %=ഏതൊരു നിലയിലേയും പരമാവധി നിർമ്മിതി വിസ്തീർണ്ണം/ പ്ലോട്ട് വിസ്തീർണ്ണം.

= 543.58/960* 100 = 56.62 %

2)പ്രസിഡണ്ട് & സെക്രട്ടറി അസസുന്ന കമ്മറ്റി ,പൂൽവെട്ട(പി ഒ)

പെർമിറ്റ് നം. 87/15-16/09.11.2015

പെർമിറ്റ് കാലാവധി - 08.11.2018വരെ

പ്ലോട്ട് ഏരിയ – 324 ച.മീ

പ്ലിന്ത് ഏരിയ – 277.82 m2(CF-135.92m2,GF-125.89m2,FF-16.01m2 )

കവറേജ് %=ഏതൊരു നിലയിലേയും പരമാവധി നിർമ്മിതി വിസ്തീർണ്ണം/ പ്ലോട്ട് വിസ്തീർണ്ണം.

= 135.92/324* 100 = 41.95 %

വിദ്യാഭ്യാസ ആവശ്യങ്ങൾക്കുള്ള ഗ്രൂപ്പ് B വിനിയോഗ പെർമിറ്റാണ് അനുവദിച്ചിട്ടുള്ളത് .ഈ ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് കാറ്റഗറി II ഗ്രാമപഞ്ചായത്തുകളിൽ അനുവദിനീയമായ കവറേജ് 35 ആണ്. ആയത് പാലിക്കാതെയാണ് കെട്ടിടനിർമ്മാണ പെർമിറ്റ് അനുവദിച്ചിട്ടുള്ളത്.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ അനധികൃമായി കെട്ടിട നിർമ്മാണം അനുവദിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 2-5 വസ്തുനികുതി - രേഖകൾ ലഭ്യമാക്കിയില്ല

കരുവാരകുണ്ട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വസ്തുനികുതി പരിശോധനക്കായി താഴെ പറയുന്ന രേഖകൾ ഓഡിറ്റിന് പരിശോധനക്കായി ലഭ്യമാക്കിയില്ല.

1)വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ

2)വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ

3)വസ്തുനികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ

4)പൊളിച്ചുമാറ്റിയ/എഴുതി തള്ളിയ കെട്ടിടങ്ങളുടെ വിവരം

വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും(നം. 9/28.11.2016) മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകത തൻമൂലം വാർഷിക കണക്കിൽ പരാമർശിച്ചിട്ടുള്ള വസ്തുനികുതി കണക്കുകളുടെ ആധികാരികത ഓഡിറ്റിന് പരിശോധിയ്ക്കാനായിട്ടില്ല.

## 2-6 തൊഴിൽ നികുതി - അപാകതകൾ

കരുവാരകുണ്ട് ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി സംബന്ധിച്ച് നടത്തിയ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | കെ എസ് ഇ ബി ഇലക്ട്രിക്കൽ ഡിവിഷൻ , വണ്ടൂർ | 2015-16<br>രണ്ട് അർദ്ധവർഷങ്ങളിലും |
| 2 | ഡിവൈൻ ഹോസ്പിറ്റൽ ,പുന്നക്കാട് | 2015-16<br>രണ്ട് അർദ്ധവർഷങ്ങളിലും |
| 3 | വിനോദ് തീയ്യറ്റർ ,കരുവാരകുണ്ട് | 2015-16<br>രണ്ട് അർദ്ധവർഷങ്ങളിലും |
| 4 | യോഗക്ഷേമം ലോൺസ് ലിമിറ്റഡ് ,കരുവാരകുണ്ട് | 2015-16<br>രണ്ട് അർദ്ധവർഷങ്ങളിലും<br>(ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും) |
| 5 | ജെ ജെ ഡ്രൈവിംഗ് സ്കൂൾ ,കരുവാരകുണ്ട് | 2015-16<br>രണ്ട് അർദ്ധവർഷങ്ങളിലും<br>(ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും) |
| 6 | റബ്ബർ ആന്റ് അഗ്രീകൾച്ചറൽ മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് കോ.ഓപ്പ്.സൊസൈറ്റി,കരുവാരകുണ്ട് | 2015-16<br>രണ്ട് അർദ്ധവർഷങ്ങളിലും<br>(ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും) |

| | | |
|---|---|---|
| 7 | എസ് എസ് എസ്റ്റേറ്റ് , കരുവാരകുണ്ട് | 2015-16<br>രണ്ടാംഅർദ്ധവർഷം<br>(ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും) |
| 8 | കല്ല്യാൺ മിനി സ്റ്റോർ,കരുവാരകുണ്ട് | 2015-16<br>രണ്ടാംഅർദ്ധവർഷം<br>(ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും) |
| 9 | കെ എസ് ഡെന്റൽ ക്ലിനിക് ,കരുവാരകുണ്ട് | 2015-16<br>രണ്ടാംഅർദ്ധവർഷം<br>(ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും) |
| 10 | അക്കൗണ്ടന്റ് , സി ഡി എസ് , കരുവാരകുണ്ട് | 2015-16<br>ജീവനക്കാരന്റെ രണ്ട് അർദ്ധവർഷങ്ങളിലും |
| 11 | കെ എസ് എഫ് ഇ ,കരുവാരകുണ്ട് | 2015-16<br>രണ്ട് അർദ്ധവർഷങ്ങളിലും<br>(ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും) |

2)തൊഴിൽ നികുതി വരവ് - മുഴുവൻ വിവരങ്ങളും അക്കൗണ്ട് ചെയ്യാത്തത് സംബന്ധിച്ച്

2015-16 വർഷത്തെ തൊഴിൽ നികുതി റിട്ടേൺ പ്രകാരം വരവു വന്നിട്ടുള്ള മുഴുവൻ തുകയും ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്താത്തത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

i)ഡോ.മുരളിധരൻ അസി.സർജൻ(ഡെപ്യൂട്ടേഷനിൽ) 2013-14ആദ്യ അർദ്ധവർഷം,2014-15രണ്ട് അർദ്ധവർഷങ്ങളിലും,2015-16ആദ്യ അർദ്ധവർഷം, മൊത്തം 6250 രൂപ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിലും വിവരം കണക്കിൽ പെടുത്തിയിട്ടില്ല.

ii)ശ്രീ. മണിക്കുട്ടൻ എസ് ,ഓവർസീയർ 2015-16 രണ്ടാം അർദ്ധവർഷം 1250 രൂപ തൊഴിൽ നികുതി അടവാക്കിയതും കണക്കിൽ പെടുത്തിയിട്ടില്ല.

3)ഡിമാന്റ് രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി കുടിശ്ശിക വരവുണ്ടെങ്കിലും തുക അക്കൗണ്ട് ചെയ്തിട്ടില്ല.വാർഷിക സംഗ്രഹം സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

4)താഴെ പറയും പ്രകാരം ഡിമാന്റ് രജിസ്റ്ററിലും വാർഷിക കണക്കിലും തൊഴിൽ നികുതി വ്യത്യാസം

| ക്രമ നം. | തൊഴിൽ നികുതി | ഡിമാന്റ് രജിസ്റ്റർ പ്രകാരം തുക | വാർഷിക കണക്കു പ്രകാരം തുക |
|---|---|---|---|
| | ജീവനക്കാരുടെ തൊഴിൽ നികുതി | | |
| | ഡിമാന്റ് | 12,11,880 | 11,97,660 |
| | വരവ് | 11,95,690 | 11,95,690 |
| | ബാക്കി | 16,190 | ഇല്ല (1970) |

| | | | |
|---|---|---|---|
| | വ്യാപാരികളുടെ തൊഴിൽ നികുതി | | |
| | ഡിമാന്റ് | 2,54,620 | 2,68,840 |
| | വരവ് | 2,54,620 | 2,54,620(14,220 അഡ്വാൻസായി കിട്ടി) |
| | ബാക്കി | ഇല്ല | ഇല്ല |

അപാകതകൾക്ക് കാരണം വ്യക്തമാക്കേണ്ടതാണ്ടതും മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-7 ഷട്ടർ സ്ഥാപിക്കുന്നതിന് പെർമിറ്റ് ഫീസ് ഈടാക്കിയില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 11(3) പ്രകാരം ഫീസ് ഈടാക്കേണ്ടതുണ്ട്. കാറ്റഗറി II വിഭാഗത്തിൽ പെടുന്ന കരുവാരകുണ്ട് ഗ്രാമ പഞ്ചായത്തിൽ2015-16 വർഷത്തിൽ ഷെഡ്യൂൾ II പ്രകാരം ഈടാക്കേണ്ട ഫീസ് നിരക്ക് താഴെ പറയും പ്രകാരമാണ് .

അപേക്ഷ ഫീസ്-ചട്ടം5(1),7(1)

| ക്രമ നം. | ഇനം | നിരക്ക്(രൂ) |
|---|---|---|
| 1 | കെട്ടിടം | 20 |
| 2 | കുടിൽ,ഷെഡ് | 5 |
| 3 | കിണർ | 5 |
| 4 | ചുറ്റു മതിൽ | 5 |
| 5 | ഷട്ടർ/വാതിൽ സ്ഥാപിക്കൽ | 10 |
| 6 | മേൽക്കൂര മാറ്റൽ | 10 |

പെർമിറ്റ് ഫീസ്

| ക്രമ നം. | ഇനം | നിരക്ക്(രൂ) |
|---|---|---|
| 1 | കെട്ടിടം(residential) | 3/m2 |
| | കെട്ടിടം(commercial) | 5/m2 |
| 2 | കുടിൽ,ഷെഡ് | 25/No. |
| 3 | കിണർ | 10/No. |
| 4 | ചുറ്റു മതിൽ | 1/m |
| 5 | വാതിൽ /റോളിംഗ് ഷട്ടർ (Rs)സ്ഥാപിക്കൽ | 100/No. |
| 6 | മേൽക്കൂര മാറ്റൽ | 1/m2 |

റോളിംഗ് ഷട്ടർ സ്ഥാപിക്കുന്നതിന് ഒരെണ്ണത്തിന് 100രൂപ നിരക്കിൽ പെർമിറ്റ്ഫീസ് ഈടാക്കേണ്ടതുണ്ട് എന്നാൽ താഴെ പറയുന്ന കെട്ടിട നിർമ്മാണങ്ങളുടെ കാര്യത്തിൽ ആയത് പാലിച്ചിട്ടില്ല.

| ക്രമനം. | അപേക്ഷകന്റെ പേരും വിലാസവും | കെട്ടിട നം. തീയ്യതി | ഈടാക്കേണ്ട തുക | റിമാർക്സ് |
|---|---|---|---|---|
| 1 | അബ്ദുൾ ലത്തീഫ് ,പെറ്റയിൽ മരുതുങ്ങൽ ,കരുവാരകുണ്ട് വാണിജ്യാവശ്യം | II/115A,B,C,D,E,F,G,H,J,(10 എണ്ണം) | 1000 | |
| 2 | മുഹമ്മദ് സലീം ,പെറ്റയിൽ മരുതുങ്ങൽ ,കരുവാരകുണ്ട് വാണിജ്യാവശ്യം | II/115K,L,M,N,O,P,Q,R,S,T(10 എണ്ണം) | 1000 | |
| 3 | ഫാത്തിമ s/o അലവിക്കുട്ടി തെച്ചിയോടൻ, മാമ്പാറ്റ,തരിശ് വാണിജ്യാവശ്യം | VIII/325 A,B,C,D(4എണ്ണം) | 400 | |

| | | | | |
|---|---|---|---|---|
| 4 | ആലക്കാടൻ ചെറിയകുഞ്ഞയമു മക്കൾ 1)മുഹമ്മദ് 2)ഹംസക്കുട്ടി<br>വാണിജ്യാവശ്യം | 10/97A,B,C,D,E,F,G,H,I,J,K(10 എണ്ണം) | 1000 | |
| 5 | വലിയമുഹമ്മാദാലി ,മാമ്പറ്റപറമ്പിൽ,ഇരിങ്ങാരിട്ടിരി<br>വാണിജ്യാവശ്യം | 18/372 A,B,C,D,E,F,G,H,I,J,K,(10 എണ്ണം) | 1000 | |
| | | ആകെ | 4400 | |

നഷ്ടതുക മേൽ വ്യക്തികളിൽ നിന്നോ വീഴ്ചക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വിനിയോഗ സർട്ടിഫിക്കറ്റ്/കൈപ്പറ്റ് രശീതി പരിശോധനക്ക് ലഭ്യമാക്കിയില്ല.ചെലവ് തുക 4080000 രൂപ തടസ്സം ചെയ്യുന്നു.

നി. ഉദ്യോഗസ്ഥൻ: സെക്രട്ടറി .

IAY ഗ്രാമപഞ്ചായത്ത് വിഹിതം, കാളികാവ് ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് താഴെ പറയും പ്രകാരം നൽകിയതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ്/കൈപ്പറ്റ് രശീതി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്ര.നം | പ്രോജക്ട് | തുക | ട്രഷറി ബിൽ നംപർ |
|---|---|---|---|
| 1 | IAY വിഹിതം നൽകൽ 5/16 | 296295 | 10/15-16/20-10-15 |
| 2 | “ | 2028536 | 11/15-16/20-10-15 |
| 3 | “ | 115169 (own fund) | 21500564/14-10-15 |
| 4 | “ 273/16 | 421519 | 14/15-16/31-10-15 |
| 5 | “ | 1218481 | 15/15-16/31-10-15 |
| | ആകെ | 4080000 | |

മേൽ രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നത് വരെ ചെലവ് തുക 4080000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

### 3-2 റിട്ടേണിങ്ങ് ഓഫീസറുടെ അനുമതിയില്ലാതെ ഇലക്ഷൻ ഡെപ്പോസിറ്റ് തിരികെ നൽകി: വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

കരുവാരകുണ്ട് ഗ്രാമ പഞ്ചായത്തിൽ ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ ആകെ ലഭ്യമായ 137500 രൂപയിൽ 90500 രൂപ, റിട്ടേണിങ്ങ് ഓഫീസറുടെ അനുമതിയില്ലാതെ,റീഫണ്ട് വൗച്ചർ ഉപയോഗിച്ച് തിരികെ നൽകുകയും അവശേഷിക്കുന്ന 47000 രൂപ (വൗച്ചർ 861/21-12-15 36500 രൂപ, വൗച്ചർ 862/21-12-15 7500 രൂപ, വൗച്ചർ 86൩/21-12-15 3000 രൂപ) ട്രഷറിയിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്.റിട്ടേണിങ്ങ് ഓഫീസറുടെ അനുമതിയില്ലാതെ ഇലക്ഷൻ ഡെപ്പോസിറ്റ് തിരികെ നൽകിയത് വിശദമാക്കേണ്ടതാണ്.

## 3-3 TS ലഭിച്ചതിന് വിരുദ്ധമായി പ്രവൃത്തി നടപ്പിലാക്കി; വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

നി. ഉദ്യോഗസ്ഥൻ: അസി. എഞ്ചിനീയർ.

പ്രവൃത്തി: ഇരിങ്ങാട്ടിരി കുന്നത്ത് അങ്ങാടി റോഡ് പൂർത്തീകരണം.

അടങ്കൽ: 100000 രൂപ.

കൺവീനർ: അനീഷ്

കരാർ: 67/15-16/23-12-2015

അളവ് പുസ്തകം: 88/15-16

ചെലവ്: 95854 രൂപ

വൗച്ചർ നംപർ:182/15-16/31-3-2016

മേൽ പ്രവൃത്തിക്ക് AE തയ്യാറാക്കിയതും TS ലഭിച്ചതുമായ എസ്റ്റിമേറ്റിന്റെയും പ്രവൃത്തി നടത്തിയതിന്റെയും വിശദാംശം താഴെ കൊടുക്കുന്നു.

| ഇനം | AE തയ്യാറാക്കിയ അളവ് | TS ലഭിച്ച അളവ് | ചെയ്ത പ്രവൃത്തിയുടെ അളവ് |
|---|---|---|---|
| (1)Filling up pot holes | 72.61 m2 | 45 m2 | 73.12 m2 |
| (2)Applying tack coat,<br>(3)Carpet surfacing,<br>(4)laying seal coat. | 195.8 m2<br>(Length:67.5m) | 223 m2<br>(Length:77m) | 188 m2<br>(Length:67.5m) |

Filling up pot holes ന്റെ അളവ് കുറച്ച് കൂടിയ നീളത്തിൽ ടാറിംഗ് നടത്താൻ TS ലഭിച്ചിട്ടും ആയതിന് വിരുദ്ധമായി,അംഗീകാരം ലഭിക്കാത്ത എസ്റ്റിമേറ്റ് അളവിൽ തന്നെ പ്രവൃത്തി നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-4 പണിസ്ഥലത്തുനിന്ന് പൊളിച്ചുമാറ്റിയ സാധനങ്ങൾ പുനരുപയോഗിച്ചില്ല/ ലേലം ചെയ്തില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

നി.ഉദ്യോഗസ്ഥൻ. അസി.എഞ്ചിനീയർ

താഴെ പറയുന്ന മരാമത്ത് പ്രവൃത്തിയിൽ നിന്നും പൊളിച്ചെടുത്ത സാധനങ്ങൾ പുനരുപയോഗിക്കുകയോ ലേലം നടത്തി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുകയോ ചെയ്തിട്ടില്ല.വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര.നം | പ്രവൃത്തി | ഇനം | പൊളിച്ചു മാറ്റിയ സാധനം | നൽകിയ തുക |
|---|---|---|---|---|
| 1 | കക്കറ അംഗനവാടി കെട്ടിട നിർമാണം 120/16 | 36 | ഓട് 54.65 m2 | വൗച്ചർ നംപർ.77/15-16 |

| | | | | |
|---|---|---|---|---|
| | കൺവീനർ. ശ്രീമതി റയ്ഹാനത്ത് അളവ് പുസ്തകം: 87/13-14 | 37 | മരഉരുപ്പടി 0.410 m3 | 122000 രൂപ. |
| | | 38 | brick wall 14.67 m3 | |
| | | 39 | ജനൽ 5 എണ്ണം | |
| | | 40 | വാതിൽ 3 എണ്ണം | |

മേൽ ഇനങ്ങളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-5 ഗ്രാമ പഞ്ചായത്ത് തീരുമാനങ്ങൾ - തുടർനടപടി വിവരം ലഭ്യമല്ല.

ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ താഴെ പറയുന്ന തീരുമാനങ്ങളിൽ സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച വിവരങ്ങൾ, ക്രമനമ്പർ 3) തീരുമാനം സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്താനാവശ്യമായ രേഖകൾ എന്നിവ ലഭ്യമല്ല. ഇവ ലഭ്യമാക്കേണ്ടതാണ്എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/23.11.2016-ന മറുപടി ലഭിച്ചിട്ടില്ല.

1) 7.5.2015- ലെ ഭരണസമിതി തീരുമാനം നമ്പർ 3 (2) – 2003-2004 വർഷ സമാഹൃത ആഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ബസ് സ്റ്റാന്റ് ലേലം സംബന്ധിച്ച പരാമർശത്തിലെ നഷ്ടതുകയായ 18800 രൂപ അടവാക്കുന്നതിന്ന ഉത്തരവാദിയായ സെക്രട്ടറി ശ്രീ. സി. രാമന നോട്ടീസയക്കുന്നതിന്ന സെക്രട്ടറിയെ ചുമതലപ്പെടുത്തി.

2) 7.5.2015- ലെ ഭരണസമിതി തീരുമാനം നമ്പർ 3 (2) - 2003-2004 വർഷ സമാഹൃത ആഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പുന്നക്കാട് വി.സി.ബി കം ബ്രിഡ്ജ് സംബന്ധിച്ച പരാമർശത്തിലെ നഷ്ടതുകയായ 34020 രൂപ അടവാക്കുന്നതിന്ന ഉത്തരവാദിയായ സെക്രട്ടറിക്ക് നോട്ടീസയക്കുന്നതിന്ന സെക്രട്ടറിയെ ചുമതലപ്പെടുത്തി.

3) 28 .5.2015- ലെ ഭരണസമിതി തീരുമാനം നമ്പർ 2(1)-സോഷ്യൽ ഫോറസ്ട്രി നിലമ്പൂർ ഡിവിഷൻ ആവശ്യപ്പെട്ടത് പ്രകാരം ഉത്തരവ് എ-417/2015 തിയ്യതി 13.5.15 ഉത്തരവ് പ്രകാരം പ്ലാവ്, തേക്ക് ആകെ വില 151087 വരുന്നത് മുറിച്ച്മാറ്റുവാൻ മലപ്പുറം സോഷ്യൽ ഫോറസ്ട്രിയുടെ കത്ത് വായിച്ച് റിക്കാർഡു ചെയ്തു.

ഈ ഭരണസമിതി തീരുമാനങ്ങളിൽ സ്വീകരിച്ച തുടർനടപടി സംബന്ധിച്ച വിശദമായ റിപ്പോർട്ട് ആദ്യമറുപടിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 3-6 ആശ്രയ പദ്ധതിയുടെ നടത്തിപ്പ് വിജയപ്രദമല്ല.

2499999 രൂപ വകയിരുത്തി തയ്യാറാക്കിയ കരുവാരകുണ്ട് ഗ്രാമ പഞ്ചായത്തിന്റെ 2013-14,2014-15,2015-16 വർഷങ്ങളിലേക്കുള്ള 2-ാം ഘട്ട ആശ്രയപദ്ധതി ഭരണസമിതി 20.1.2014-ലെ 7/2014 (1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ആകെ 211 കുടുംബങ്ങളിലായി 708 ഗുണഭോക്താക്കളുള്ള പദ്ധതിയിൽ ചികിത്സ, ഭക്ഷണം, വിദ്യാഭ്യാസം എന്നീ ഇനങ്ങൾക്ക് മാത്രമേ തുക വകയിരുത്തിയിട്ടുള്ളൂ.16.11.2013 -ലെ ജി.ഒ. (എം.എസ്.) 362/13/തസ്വഭവ ഉത്തരവ് പ്രകാരമുള്ള ആശ്രയ മാർഗ്ഗരേഖ പ്രകാരം തയ്യാറാക്കേണ്ട പരിചരണസേവനങ്ങൾക്കുള്ള പാക്കേജിൽ ഭക്ഷണം, ആരോഗ്യസുരക്ഷ, കിടപ്പാടം, പാർപ്പിടം, കുടിവെള്ളം, വിദ്യാഭ്യാസം, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ, സാമൂഹ്യമായ ഒറ്റപ്പെടലിൽനിന്നുള്ള മോചനം, എന്നിവയെല്ലാം ഉൾപ്പെടേണ്ടതുണ്ട്. ചികിത്സ, ഭക്ഷണം, വിദ്യാഭ്യാസം എന്നീ അതിജീവന ആവശ്യങ്ങളല്ലാതെ മറ്റു ആവശ്യങ്ങളുള്ള ആശ്രയ ഗുണഭോക്താക്കൾ ഒരാൾപോലും ഗ്രാമപഞ്ചായത്തിൽ ഇല്ല എന്നാണ് ഇതിൽനിന്ന വ്യക്തമാകുന്നത്.

മാർഗ്ഗരേഖ പ്രകാരമുള്ള ഭക്ഷണ പാക്കേജിൽ 65 വയസ്സിന മുകളിലുള്ളവർക്ക് അന്നപൂർണ്ണ പദ്ധതിപ്രകാരവും അതിൽ ഉൾപ്പെടാത്ത അഗതികൾക്ക് അന്ത്യോദയ അന്നയോജന പദ്ധതിപ്രകാരവും ഭക്ഷ്യധാന്യം റേഷൻകട വഴി നൽകുന്നതിന്നും ഭക്ഷണം പാകംചെയ്യാൻ കൂടെ ഒരാൾപോലുമില്ലാത്ത അഗതികൾക്ക് കുടുംബശ്രീ വഴി പാകംചെയ്ത ഭക്ഷണം നൽകുന്നതിനുമാണ് വ്യവസ്ഥയുള്ളത്. 2015-16-ൽ ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്യുന്നതിന്നായി ബിൽ നമ്പർ 2/29.1.2016 പ്രകാരം 168563 രൂപയും ബിൽ നമ്പർ 22/26.3.2016 പ്രകാരം 52260 രൂപയും വികസനഫണ്ടിൽനിന്നും ചെലവഴിച്ചിട്ടുണ്ട്. ചെറുപയർ, കടല,ഉഴുന്ന്, വൻപയർ, പഞ്ചസാര, ശർക്കര,മുതിര,പരിപ്പ്,വെളിച്ചെണ്ണ എന്നിവ വാങ്ങുന്നതിന്നാണ് ഈ പണം ചെലവഴിച്ചത്. ഭക്ഷണം പാകംചെയ്ത നൽകേണ്ട ഗുണഭോക്താക്കളോ ആവശ്യത്തിന്ന അരി നൽകേണ്ട ഗുണഭോക്താക്കളോ ഗ്രാമപഞ്ചായത്തിൽ ഇല്ല എന്നാണ് ഇതിൽനിന്ന വ്യക്തമാകുന്നത്.

മാവേലി സ്റ്റോറിന്റെ 168563 രൂപക്കുള്ള ഇൻവോയിസ് 15474/19.1.2016പ്രകാരം 2016 ജനവരിയിലും കുടുംബശ്രീ ഹോം ഷോപ്പിന്റെ 52260 രൂപക്കുള്ള26.3.2016 -ലെ ഇൻവോയിസ് പ്രകാരം 2016 മാർച്ച് മാസത്തിലുമാണ് മേൽപറഞ്ഞ ഭക്ഷ്യവസ്തുക്കൾ വാങ്ങിയിട്ടുള്ളത്.എന്നാൽ ഗുണഭോക്താക്കളുടെ കൈപറ്റ് രേഖയായി പരിശോധനക്ക് ഹാജരാക്കിയ കൈപറ്റ് രജിസ്റ്ററിൽ എല്ലാ ഗുണഭോക്താക്കളും 2016 ഏപ്രിൽ മുതലുള്ള എല്ലാ മാസങ്ങളിലും ഒപ്പ് വെച്ചതായി രേഖപ്പെടുത്തിക്കാണുന്നു. കൈപറ്റിയ ഭക്ഷ്യവസ്തുക്കളുടെ ഇനം,അളവ് എന്നിവ സംബന്ധിച്ച ഒരു വിവരവും ഇതിൽ രേഖപ്പെടുത്തിയിട്ടില്ല.

ആശ്രയ പദ്ധതിയുടെ കേരള ഗ്രാമീൺ ബാങ്കിലെ 114979 നമ്പർ അക്കൗണ്ടിൽ 1.4.2015-ൽ ബാലൻസുള്ള 459372 രൂപ വിനിയോഗിക്കാതെയാണ് വികസനഫണ്ടിൽനിന്നും 220823 രൂപ 2015-16-ൽ പിൻവലിച്ച് ചെലവഴിച്ചത്.31.3.2016-ൽ ഈ അക്കൗണ്ടിൽ 477686 രൂപ ബാലൻസുണ്ട്.

ചികിത്സ ആവശ്യമുള്ള കാൻസർ രോഗികൾ, വൃക്കരോഗികൾ,മാനസികരോഗികൾ തുടങ്ങിയവർ ഗുണഭോക്താക്കളിൽ ഉള്ളതായി പ്രൊജക്ട് രേഖയിലുണ്ട്. ചികിത്സക്ക് 1285507 രൂപ പ്രൊജക്റ്റിൽ വകയിരുത്തിയിട്ടുമുണ്ട്.എന്നാൽ ഒരു തുകയും ചെലവഴിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 24.11.2014-ലെ 1(4) നമ്പർ തീരുമാനപ്രകാരം ചികിത്സ ആവശ്യമുള്ള ആശ്രയ ഗുണഭോക്താക്കൾക്ക് ആശുപത്രിയിൽനിന്നും പരിരക്ഷ പദ്ധതി പ്രകാരം മരുന്ന് ലഭിക്കുന്നതിനാൽ ആശ്രയ പദ്ധതിയിൽ മരുന്നിനു വകയിരുത്തിയ 1285506 രൂപയിൽ 1156955 രൂപ പോഷകാഹാരം പദ്ധതിയിലേക്കു വകമാറ്റുന്നതിനു കുടുംബശ്രീ ജില്ലാ മിഷന്റെ അനുമതി തേടുകയും കെ.എസ്/എൽ /2346/02 തിയ്യതി 30.4.2015 പ്രകാരം ആയതിനു അനുമതി ലഭ്യമായിട്ടുണ്ട്.

കരുവാരകുണ്ട് ഗ്രാമ പഞ്ചായത്തിന്റെ 2-ാം ഘട്ട ആശ്രയപദ്ധതി ഗുണഭോക്താക്കൾക്ക് ഭക്ഷ്യോൽപന്നക്കിറ്റുകൾ മാത്രം വിതരണം ചെയ്യുന്നതിനുള്ള ഒരു പ്രൊജക്റ്റായി മാറി. 16.11.2013 -ലെ ജി.ഒ. (എം.എസ്.) 362/13/തസ്വഭവ ഉത്തരവ് പ്രകാരമുള്ള ആശ്രയ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട് പദ്ധതി നടപ്പിലാക്കേണ്ടതാണ്.

## 3-7 <u>മരുന്നു ലഭ്യമായില്ല.</u>

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ മരുന്നു വാങ്ങൽ എന്ന പ്രൊജക്റ്റിൽ 150000 രൂപ ഡി.ഡി നമ്പർ 922281/19.1.2016 പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോ കോപ്പറേറ്റീവ് ഫാർമസിക്ക് നൽകിയിട്ടുണ്ട്. ഈ തുകക്ക് മരുന്നു ലഭ്യമായതായി കാണുന്നില്ല. പണം നൽകി ഒരു വർഷത്തോളമായിട്ടും മരുന്ന് നൽകാത്ത സ്ഥാപനത്തിനെതിരെ തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. സ്വീകരിച്ച തുടർനടപടി സംബന്ധിച്ച വിശദമായ റിപ്പോർട്ട് ആദ്യമറുപടിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 3-8 <u>പണിസ്ഥലത്തു നിന്ന് കുഴിച്ചെടുത്ത മണ്ണ് അതേ പണിക്ക് ഉപയോഗിച്ചില്ല; നഷ്ടം 3994 രൂപ.</u>

നി. ഉദ്യോഗസ്ഥൻ: അസി. എഞ്ചിനീയർ.

പ്രവൃത്തി: തരിശ് സ്കൂൾ ഗ്രൗണ്ട് വിപുലീകരണം (282/16)

അടങ്കൽ: 450000 രൂപ.

കൺവീനർ: മേരിജോസഫ്

കരാർ: 100/15-16/3-2-2016

അളവ് പുസ്തകം: 80/15-16

ചെലവ്: 450000 രൂപ

വൗച്ചർ നംപർ:166/15-16/31-3-2016

മൂല്യനിർണ്ണയം: 450000

(-) നികുതി 26336

ആകെ 423664

മേൽ പ്രവൃത്തിയുടെ ഒന്നാം ഇനമായി 19.80 m3 മണ്ണ് കിളച്ചുമാറ്റിയിട്ടുണ്ട്.എന്നാൽ (9) ാം ഇനം പ്രകാരം മണ്ണ്

നിറച്ചപ്പോൾ ഈ മണ്ണ് ഉപയോഗിച്ചിട്ടില്ല.

വിശദാംശം താഴെ കൊടുക്കുന്നു.

മണ്ണ് നിറച്ചത്: 285.00m3

(-) ഷ്രിങ്കേജ് : 48.45m3

ബാക്കി: 236.55m3

നിരക്ക്: 201.71/m3

തുക നൽകിയത്: 47715 രൂപ.

അധികം നൽകിയത്: 19.80 m3* 201.71/m3 =3993.86

ie.. 3994.00 രൂപ.

3994 രൂപ കൺവീനറിൽ നിന്നോ ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-9 ഗുണഭോക്തൃസമിതി മുഖേനെ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ

2015-16 ൽ ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വാർഷിക പദ്ധതി ചെലവിന്റെ 50ശതമാനം പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് വിനിയോഗിച്ചതെന്ന് കാണുന്നു. തനതു വിഹിതം ഉൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് വകയിരുത്തി അസി.എഞ്ചിനീയർ നിർവ്വഹണം നടത്താൻ 209 പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു അസി.എഞ്ചിനീയർ, രണ്ട് ഓവർസിയർ(ഒരു ഓവർസിയർ ഒഴിവ്) ഉൾപ്പെടുന്ന എൽ എസ് ജി ഡി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മാനുഷിക വിഭവശേഷിയിൽ ഒതുങ്ങി നിൽക്കാത്ത എണ്ണത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നത് പദ്ധതി നടത്തിപ്പിന്റെ ഗുണമേന്മയെ ഗൗരവമായി ബാധിക്കുന്ന വിഷയമാണ്.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ടുകൾ പരിശോധിച്ചതിൽ പദ്ധതികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ, കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

1.റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാതെ പ്രവൃത്തികൾ ഏറ്റെടുക്കുന്നു

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രോജക്ട് ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ആസ്തി രജിസ്റ്ററിന്റെ അപ്ഡേറ്റിംഗ് നടക്കാത്ത സാഹചര്യത്തിൽ ഇത്തരം നിർദ്ദേശങ്ങൾ പ്രയോഗതലത്തിൽ വരുത്താനായില്ല.

ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും മേജർ ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാനും ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനും പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദ്ദേശമുള്ളതുമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 സർക്കുലറിലും നിർദ്ദേശിച്ചതാണെങ്കിലും പ്രാരംഭ നടപടി പോലും പൂർത്തിയാക്കാനായില്ലായെന്ന് കാണുന്നു. എഞ്ചിനീയറിംഗ് സ്ഥാപനമേധാവികൾ കണക്ടിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 ലെ സർക്കുലറിലെ നിർദ്ദേശം നടപ്പിലാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2.റോഡ് കോൺക്രീറ്റിംഗ് വ്യാപകമായി നിർവ്വഹിക്കുന്നു.

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട് മാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവുവെന്ന് പദ്ധതി മാർഗ്ഗരേഖയിൽ

വ്യക്തമാക്കിയതാണ്. ഗ്രാമ പഞ്ചായത്ത് തൻവർഷം 54 പ്രോജക്ടുകൾ റോഡ് കോൺക്രീറ്റ് ചെയ്യുന്നതിന് മാത്രമുള്ളതാണ് എന്ന് വ്യക്തമാവുന്നു.മൂന്ന് മീറ്ററും അതിലധികവും വീതിയുള്ള റോഡിന്റെ ഉപരിതലം പോലും കോൺക്രീറ്റിംഗ് ചെയ്യുന്നത് മഴവെള്ളം കെട്ടി നിൽക്കുന്ന പ്രദേശം, കുത്തനെ കയറ്റമുള്ള റോഡ് പ്രതലം എന്നിങ്ങനെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയാണ്. എസ്റ്റിമേറ്റിൽ വ്യക്തമായ കാരണം രേഖപ്പെടുത്താതെയും കോൺക്രീറ്റിംഗ് വ്യാപകമായി ചെയ്യുന്നുണ്ട്. വീതി 3 മീറ്ററിൽ താഴെയുള്ള നടപ്പാതകളിൽ പൂർണ്ണമായും കോൺക്രീറ്റിംഗാണ് നിർവ്വഹിക്കുന്നത് എന്ന് കാണുന്നു. സബ് ബേസ് സൂങ്തനിംഗ് ഉറപ്പ് വരുത്തിയ ശേഷവും 1:2:4 കോൺക്രീറ്റിംഗ് ചീഫ് എഞ്ചിനീയറുടെ നിർദ്ദേശ പ്രകാരമുള്ള 7.5സെ.മീ. കനത്തിൽ അധികം വ്യാപകമായ തോതിൽ നിർവ്വഹിക്കുന്നതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

മഴവെള്ളം ഒഴുകിപ്പോകാൻ വേണ്ടത്ര സംവിധാനങ്ങൾ ഒരുക്കി നിർമ്മാണത്തിനും മെയിന്റെനൻസിനും വലിയ സാമ്പത്തിക ചെലവ് വരുത്തിവെക്കുന്ന കോൺക്രീറ്റിംഗ് അവശ്യമായ സ്ഥലങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്.

3.ഗുണഭോക്തൃ സമിതികളുടെ പ്രവർത്തനത്തിലെ അപാകതകൾ

2015-16 ലെ മിക്കവാറും മരാമത്ത് പ്രവൃത്തികളും ഗുണഭോക്തൃ സമിതി മുഖേനെയാണ് നടപ്പിലാക്കിയിരിക്കുന്നത്. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഗുണഭോക്തൃ സമിതികളുടെ സംഘാടനപരമായ കഴിവും സാമ്പത്തിക ശേഷിയും ഒരു തലത്തിലും പരിശോധിക്കപ്പെടുന്നില്ല.

പ്രവൃത്തി സംബന്ധിച്ച് സൈറ്റിൽ ഡിസ്പ്ലേ ബോർഡ് പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം പാലിക്കുന്നില്ല. ഗുണഭോക്തൃ കമ്മറ്റികൾ വഴിയുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് നടപടി ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ തദ്ദേശഭരണ വകുപ്പിന്റെ 4.3.2013 ലെ 1047/DA1/2013 ലെ സർക്കുലറിലും വ്യക്തമാക്കിയത് നടപ്പിലാക്കേണ്ടതാണ്.

4.ഗുണഭോക്തൃ സമിതികളുടെ വരവ് ചെലവ് കണക്ക് സൂക്ഷ്മ പരിശോധന നടത്തുന്നില്ല.

ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ചെലവ് കണക്കാക്കുന്നത് എസ്റ്റിമേറ്റിനെ അടിസ്ഥനമാക്കിയുള്ള എഞ്ചിനീയറുടെ മൂല്യനിർണ്ണയ തുക, സമിതിക്ക് ചെലവായത് ഇവയിൽ കുറവായ തുകയാണ് അനുവദിക്കാൻ നിർദ്ദേശമുള്ളത്. നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ സമിതി സൂക്ഷിക്കുന്ന മുഴുവൻ മെറ്റീരിയൽ പർച്ചേസ് ബില്ലുകളും തൊഴിലാളികൾക്ക് കൂലി വിതരണവുമായി ബന്ധപ്പെട്ട മസ്റ്റർറോളും സൂക്ഷ്മ പരിശോധന നടത്തി യഥാർത്ഥ ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

5.കുറഞ്ഞ അടങ്കൽ; പ്രവർത്തികളുടെ എണ്ണം കൂടുതൽ.

ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് വർഷം തയ്യാറാക്കിയ 209 മരാമത്ത് പ്രോജക്ടുകളിൽ 105 എണ്ണവും (50% ൽ കൂടുതൽ) ഒരു ലക്ഷം രൂപയോ അതിൽ കുറവോ അടങ്കലുള്ളവയാണ്. റോഡ് പ്രവർത്തികളിൽ ഇരുപത് മീറ്റർ മുതൽ നാൽപത് മീറ്റർ വരെയാണ് ഈ അടങ്കൽ ഉപയോഗിച്ച് നിർവഹിക്കാനാവുന്നത് എന്നത് ശ്രദ്ധേയമാണ്.ഈ സംവിധാനം , ഗ്രാമ പഞ്ചായത്തിനെ ഒറ്റ യൂണിറ്റായി പരിഗണിച്ച് വേണം പദ്ധതി തയ്യാറാക്കാൻ എന്ന നിർദേശം മാനിക്കാതെയാണ് ഇപ്രകാരം പ്രവർത്തി നടത്തുന്നത് , പ്രോജക്ട് ഭാഗികമായി മാത്രം ലക്ഷ്യം കാണാൻ മാത്രമേ ഉപകരിക്കു എന്ന് ഓർമിപ്പിക്കുന്നു

പ്രോജക്ടുകളുടെ എണ്ണം കൂടുതലായത് ,മിക്ക പ്രോജക്ടുകളും ഫലപ്രദമായ രീതിയിൽ നിർവഹിക്കാനാവുന്നില്ല എന്ന് വ്യക്തമാക്കുന്നു.നടപടിക്രമങ്ങൾ പൂർത്തികരിച്ച് പ്രോജക്ട് തയ്യാറാക്കുകയും അംഗീകാരം വാങ്ങുകയും ചെയ്തിട്ടും ,തൻവർഷം 23 പ്രോജക്ടുകൾ നിർവ്വഹണം നടത്താൻ കഴിഞ്ഞിട്ടില്ല. ഇപ്രകാരം നിർവ്വഹണം നടത്താത്ത പ്രോജക്ടുകൾ തുടർന്നുള്ള വർഷങ്ങളിൽ സ്പിൽ ഓവറായി നിർവഹിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്.

6.പർച്ചേസുകൾക്ക് ടാക്സ് ഇൻവോയ്സ് വാങ്ങുന്നില്ല.

കൺവീനർ പ്രവർത്തികളുടെ ഭാഗമായി വാങ്ങുന്ന സിമന്റ്, കമ്പി,പൈപ്പ്, മുതലായവയുടെ ടാക്സ് ഇൻവോയ്സ് വാങ്ങുന്നില്ല എന്ന് കാണുന്നു.യഥാർത്ത ബിൽ ഇല്ലാതെ ഇപ്രകാരം ഉപകരണങ്ങൾ വാങ്ങുന്നത് വ്യാപകമാണ്.ഇപ്രകാരമുള്ള നടപടികൾ വാങ്ങുന്ന ഉപകരണങ്ങളുടെ പ്രവർത്തന ക്ഷമതയെയും, വാറന്റി ക്ലെയിമുകളെയും സാരമായി ബാധിക്കുന്നതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും നിലവിലുള്ള സർക്കാർ ഉത്തരവുകളുടെയടിസ്ഥാനത്തിൽ മാത്രം ഗുണഭോക്തൃസമിതി മുഖേനെയുള്ള മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കാൻ കർശന നടപടി

സ്വീകരാക്കേണ്ടതുമാണ്.

7.ഒരേ പ്രവൃത്തിക്ക് രണ്ട് പ്രോജക്ടുകൾ നടപ്പിലാക്കി.

ഒരേ പ്രവൃത്തിയിലെ വ്യത്യസ്ഥ ഇനങ്ങൾ രണ്ട് പ്രോജക്ടുകൾ പ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

ഉദാഹരണങ്ങൾ:

| ക്ര.നം | പ്രവൃത്തിയുടെ പേര് | നടപ്പാക്കിയതിന്റെ വിശദാംശം |
|---|---|---|
| 1 | വീട്ടിക്കുന്ന് അംഗനവാടി റിപ്പയർ | (1) പ്രോജക്ട് നംപർ 227/16<br>അടങ്കൽ 150000<br>കൺവീനർ സജിത<br>(2) പ്രോജക്ട് നംപർ 287/16<br>അടങ്കൽ 75000<br>കൺവീനർ സജിത |
| 2 | ചേരി ST കോളനി റോഡ് | (1) പ്രോജക്ട് നംപർ 162/16<br>അടങ്കൽ 200000<br>കൺവീനർ ജോഷി<br>(2) പ്രോജക്ട് നംപർ 256/16<br>അടങ്കൽ 255464<br>കൺവീനർ ചന്ദ്രൻ |
| 3 | GLPS തരിശ് ഗ്രൗണ്ട് വിപുലീകരണം | (1) പ്രോജക്ട് നംപർ 142/16<br>അടങ്കൽ 200000<br>കൺവീനർ മേരി ജോസഫ്<br>(1) പ്രോജക്ട് നംപർ 282/16<br>അടങ്കൽ 450000<br>കൺവീനർ മേരി ജോസഫ് |

ഒരേ പ്രവൃത്തി ഒന്നിലധികം പ്രോജക്ടുകൾ പ്രകാരം നടപ്പിലാക്കുന്നത് കർശനമായും ഒഴിവാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-10 മര ഉരുപ്പടികളുടെ വിനിയോഗ വിവരം ലഭ്യമല്ല.

കരുവാരകുണ്ട് ഗ്രാമ പഞ്ചായത്തിലെ കക്കറ അംഗനവാടിക്ക് സമീപമുള്ള പുഴപുറമ്പോക്കിൽ നിന്നും ഒരു ലക്ഷം രൂപയോളം വില വരുന്ന മരഉ രുപ്പടികൾ ഓഫീസിൽ എത്തിച്ചതിന് വൗച്ചർ നംപർ 21500710/1-12-2015 പ്രകാരം നജീബ് മുതൽ പേർക്ക് 3000 രൂപ നൽകിയിട്ടുണ്ട്. മേൽപ്രകാരം കൊണ്ടുവന്ന മരത്തിന്റെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച | പ്രൊജക്ടിന്റെ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| സ്ഥാപനം | വർഷം | തുക | പേര് | | |
|---|---|---|---|---|---|
| കാളികാവ് ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 250000 | വികലാംഗ സ്കോളർഷിപ്പ് | 250000 | 0 |
| ജില്ലാപഞ്ചായത്ത് | 2015-16 | 250000 | വികലാംഗ സ്കോളർഷിപ്പ് | 250000 | 0 |

4-2. ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | അംഗനവാടി വൈദ്യൂതീകരണം | 21501327/31.03.2016 | 80700 | 80700 | 0 |

4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-4. വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

4-5. സ്ഥിരനിക്ഷേപങ്ങൾ

- ഇല്ല

4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2015-16വർഷത്തിൽ ലഭിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം,ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നംമ്പർ/ തീയതി |
|---|---|---|---|---|
| 2002-03 | 4-9 | 3290 | ഷൗക്കത്തലി ,സീനിയർ ക്ലാർക്ക് | 1150110103526\19.12.2015 |

4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 98-99 | 63 | 2003-04 | | പുന്നക്കാട് ആനവാരിക്കൽ വി.സി ബി<br>ബസ്സ്സ്റ്റാന്റ് ലേലം | നിയമസഭാസമതിയുടെ പരിഗണനയിൽ |
| 99-00 | 45,46 | | | വി.സി.ബി നിർമ്മാണം | |

| | | | | | |
|---|---|---|---|---|---|
| | | | | പുന്നക്കാട് കളിസ്ഥലം | |
| 03-04 | 3(3) | 06-07 | | അക്ഷയ,എസ്.എസ്.എ പദ്ധതികൾ അധികചെലവ് | ,, |
| | 3(10) | | | മിനി ഇന്ഡസ്ട്രിയൽ എസ്റ്റേറ്റ് അധിക ചെലവ് | ,, |
| | 3(11) | | | മരാമത്ത്പണി അധികചെലവ് വൃദ്ധ വികലാംഗ വിശ്രമ കേന്ദ്രം | ,, |
| 07-08 | 3(12) | 2004-05 | | എസ്.ജി.ആർ വൈ ഭക്ഷ്യധാന്യം അധികം അനുവദിച്ചത് | |

.4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,65,46,179 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,91,48,824 |
| വരവിനങ്ങളിലുള്ള നഷ്ടം | 6900 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3994 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 40,80,000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 2500 | | ശ്രീ. നിസാർ ,സെക്രട്ടറി |
| 2-7 | 4400 | | ശ്രീ. നിസാർ ,സെക്രട്ടറി |
| 3-8 | | 3994 | ശ്രീമതി . നാരായണി ,അസി.എഞ്ചിനീയർ |
| | 6900 | 3994 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| | | |
|---|---|---|
| 3-1 | 40,80,000 | ശ്രീ. നാസർ ,സെക്രട്ടറി |
| | 40,80,000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ഉദ്യോഗപ്പേരും | സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ശ്രീ. നിസാർ എസ് ,സെക്രട്ടറി | സെക്രട്ടറി ,കരുവാരകുണ്ട് ഗ്രാമപഞ്ചായത്ത് | സൗദ ബിൽഡിംഗ്<br>മൂങ്ങോട് പി ഒ<br>വർക്കല, തിരുവനന്തപുരം |
| ശ്രീമതി. നാരായണി ,അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ,കരുവാരകുണ്ട് ഗ്രാമപഞ്ചായത്ത് | നിഷ്നിയ,കരുവമ്പലംപി ഒ,മഞ്ചേരി,മലപ്പുറം |

4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1994-95,95-96 | എൽ.എഫ്.എം.15/236/03, തീ:15-10-10 | 07 | |
| 1996-97 | എൽ എഫ് .എം 15/461/01 തി. 15-10-10 | 07 | |
| 1997-98 | എൽ എഫ് എം 15/705/01,തി. 15-10-10 | 37 | |
| 1998-99 | എൽ.എഫ്.എം.15/258/02, തി.15-10-10 | 30 | |
| 1999-2000 | എൽ.എഫ്.എം.15/259/02, തി.15-10-10 | 06 | |
| 2000-01 | എൽ.എഫ്.എം.15/260/02, തി.26-10-10 | 19 | |
| 2001-02 | എൽ.എഫ്.എം.12/362/03, തി.15-10-10 | 03 | |
| 2002-03 | എൽ.എഫ്.എം.6/890/06, തി.15-10-10 | 07 | |
| 2003-04 | എൽ.എഫ്.എം.6/974/08-5, തി.15-10-10 | 05 | |
| 2004-05 | എൽ.എഫ്.എം. 6/ 2079/08,തി.15-10-10 | 31 | |
| 2005-06 | എൽ.എഫ്.എം..6/251 /07,തി.15-10-10 | 20 | |
| 2006-07 | എൽ.എഫ്.എം. 6/1324 /08,തി.15-10-10 | 13 | |
| 2007-08 | എൽ.എഫ്.എം. 6/ 272/09,തി. 11-11-09 | 19 | |
| 2008-09 മുതൽ<br>2010-11 വരെ | എൽ.എഫ്.എം.7/1881/12, തീ:19-01-13 | 05 | |

| | | | |
|---|---|---|---|
| 2011-12,12-13 | എൽ.എഫ്.എം.7/423/14 തി.08-08-14 | 27 | |
| 2013-14,2014-15 | എൽ.എഫ്.എം.7/423/14 തി.08-08-14 | 10 | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.എം.പി.എം.7/3264/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ - 676 505, ഫോൺ : 0483 2734951

ഇ- മെയിൽ: dompm.ksad@kerala.gov.in

തിയ്യതി :07.02.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ കരുവാരകുണ്ട് ഗ്രാമപഞ്ചായത്തിന്റെ 31-03-2016ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റുമെൻറിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യ സ്റ്റേറ്റുമെൻറ് വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

മലപ്പുറം

**അനുബന്ധം-2**

# AUDIT CERTIFICATE

No.KSA/MPM/7/3264/2016

Kerala State Audit Department
District office ,Malappuram

Phone: 0483 -2734951

Email: dompm.ksad@kerala.gov.in

Date: 07.02.2017

Certified that I have Audited the Annual Financial Statement of Karuvarakundu Grama Panchayat in Malappuram District for the year Ended on 31.03.16 in accordance with section 4 of the Kerala Local Fund Audit Act 1994 section 215 of the KeralaPanchayat Raj Act 1994, the rules there under and the guidlines issued by the Comptroller and Auditor General of India for the purpose of audit accounts of Panchayat Raj institutions.

In my Opinion, the financial Statements of Karuvarakundu Grama Panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT